<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4403

26.6.2014-ൽ മറുപടിക്ക്

<u>കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി സ്ഥലമെടുപ്പ്</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള 46049/ഡി4/2012 എന്ന ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | സംയുക്ത പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 13.6.2014-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കോതമംഗലം മേഖലാ കാര്യാലയത്തിന്റെ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) സ്ഥലം ഏറ്റെടുക്കാത്തതുമൂലം ടെക്നിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ലാപ്സായി പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ എന്താണെന്നും ഇതിന് ഡയറക്ടറേറ്റ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ; | (സി) & (ഡി) | സംയുക്ത സ്ഥല പരിശോധനാ റിപ്പോർട്ടിൻമേൽ ഭൂഉടമകളുമായി നെഗോഷിയേഷൻ നടത്തുക എന്നതാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം. |
| (ഡി) സ്ഥലമേറ്റെടുപ്പ് നീണ്ടുപോകുന്നത് പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | | |
| (ഇ) സ്ഥലം എടുക്കുന്നതു സംബന്ധിച്ച് നെഗോഷിയേഷൻ നടത്തുന്നതിന് എത്ര ഭൂവുടമകൾ തയ്യാറായി വന്നിട്ടുണ്ടെന്നും ഇവരുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; ഇതിന്റെ പൊതു തീരുമാനം വ്യക്തമാക്കുമോ ? | (ഇ) | മൂന്ന് ഭൂഉടമകൾ തയ്യാറായി വന്നിട്ടുണ്ട്. ഇവരിൽ നിന്നും സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടുണ്ട്. സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.